**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3176** **13-07-2022 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലം ജി.വി.എച്ച്.എസ്.എസ് -ൽ പശ്ചാത്തല വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജി.വി.എച്ച്.എസ്.എസ്-ന്റെ പശ്ചാത്തല വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| (സി) | കിഫ്ബിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ 'feasible' അല്ലാ എന്നാണ് കണ്ടെത്തിയിരുന്നത്. എന്നാൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നിർമ്മാണം പൂർത്തിയായി വരുന്ന പുതിയ കെട്ടിടത്തിന്റെ മുകളിൽ നിർമ്മാണം നടത്താനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ച് DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്. കിലയാണ് നിർവ്വഹണ ഏജൻസി. |
| (ഇ) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | നിലവിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നിർമ്മാണം പൂർത്തിയായി വരുന്ന പുതിയ കെട്ടിടത്തിന്റെ മുകളിൽ നിർമ്മാണം നടത്തുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖേന സ്വീകരിച്ചു വരുന്നു. |
| (എഫ്) | പ്രസ്തുത പ്രവൃത്തി നോൺ ഫീസിബിൾ ആണ് എന്നുള്ളത് ഒഴിവാക്കി ഫീസിബിൾ എന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ; | (എഫ്) | നിലവിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നിർമ്മാണം പൂർത്തിയായി വരുന്ന പുതിയ കെട്ടിടത്തിന്റെ മുകളിൽ നിർമ്മാണം നടത്തുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖേന സ്വീകരിച്ചു വരുന്നു. |
| (ജി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് വേഗത്തിൽ | (ജി) | പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നിർമ്മാണം |

| | | | |
|---|---|---|---|
| | ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | പൂർത്തിയായി വരുന്ന പുതിയ കെട്ടിടത്തിന്റെ മുകളിൽ നിർമ്മാണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതനുസരിച്ച് ചില തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ